# അഷ്ന മോൾക്ക്.....



തൊടികളിൽ കാക്കപൂക്കളും നുള്ളി കാരപ്പഴവും തേടി നടക്കേണ്ട പ്രായം ആരുടെയൊക്കെയോ സൗജന്യങ്ങൾ അവൾക്ക് നേരെ നീളുന്നുണ്ടെന്നറിയാം. നഷ്ടപ്പെട്ട പാദത്തിനു പകരം കൃതിമ കാൽ കിട്ടുമെന്ന് ആരൊക്കെയോ പറഞ്ഞ്കേൾപ്പിച്ചതും അറിയാം.

ഒക്കെ നേരെയാവുമെന്ന പ്രതീക്ഷയാണ് ആ കിളുന്നുകണ്ണുകളിൽ എതോ ദൈവത്തിന്റെ പ്രസാദമായി നെറ്റിയിൽ തൊടുവിച്ച ചന്ദനം അടർന്ന് തുടങ്ങി. വിദൂരതയിലെവിടെയോ നഷ്ടപ്പെട്ട ഇളം പാദം മുളപ്പിച്ചു തരുമോ.. ആവോ!. കഥകളിൽ അങ്ങനെയൊക്കെ കേട്ടിട്ടുണ്ടല്ലോ......

ഈ സങ്കടം അഷ്നയുടെത് മാത്രമല്ല. കേരളത്തിന്റെ മന:സാക്ഷിയാകെ ഈ ചോദ്യം ഉയർത്തുന്നു. അഷ്നയെ ബോബെറിഞ്ഞ് പാദം തകർത്തവരുടെ കാര്യം ആരും മിണ്ടുന്നില്ല. പ്രകൃതിക്കു നേരെ കയ്യേറ്റമുണ്ടാവുമ്പോൾ മിണ്ടാപ്രാണികൾ അക്രമിക്കപ്പെടുമ്പോഴൊക്കെ നെഞ്ചുപ്പൊട്ടുന്നവർ ഇപ്പോഴെന്തെ മിണ്ടാത്തത്?

അഷ്നാ.................

നിന്നോടൊപ്പംഞങ്ങളും വേദനിക്കുന്നു........... അറോറ

# ഓർമ്മ

അൽപം മുൻപ്
ഇതുവഴി ഒരാൾ നടന്ന് പോയിരുന്നു
ഫാറൂഖ് കോളേജിലെ ഓരോ മൺതരിയും
ഈ ആദ്യ ഫൈൻആർട്സ് സെക്രട്ടറിയെ
തിരിച്ചറിഞ്ഞിരുന്നു


ചാലിയാറിന്റെ ധന്യമായ
സായാഹ്നങ്ങളിൽ കൂട്ടുകാരോടൊന്നിച്ച്
സ്വപ്നങ്ങൾ നെയ്ത്
സരസമായ വർത്തമാനങ്ങൾ -
കൊണ്ട് അവരെ ചിരിപ്പിച്ച
ഒരാൾ..................



ആസാദ് ഹോസ്റ്റലിലെ
ഏതോ ഒരു മുറി
ആ കൊടുങ്ങല്ലൂർക്കാരനെ
കുറെ കാലം അനുഭവിച്ചിരുന്നു.
മലയാള സിനിമയുടെ
ഹാസ്യ സാമ്രാട്ടായി
ജീവിതത്തിന്റെ അരങ്ങൊഴിഞ്ഞ
ബഹദൂർ എന്ന മഹാനായ-
കലാകാരനായിരുന്നു അയാൾ
അഭ്രപാളിയിലും ജീവിതത്തിലും
അവസാന നിമിഷംവരെ
ചിരിച്ചും കരഞ്ഞും
മറ്റുള്ളവരെ കൂടെ നടത്തിയും
തിരശ്ശീലക്ക് പിന്നിൽ അകന്നു-
മറഞ്ഞ ജോക്കറുടെ മുന്നിൽ
അറോറ നിറഞ്ഞ മിഴികളോടെ
ശിരസ്സ് നമിക്കുന്നു.

# ഫോട്ടോ ഫീച്ചർ

ആരുനീയാരോമലേ
എന്തിനെന്നാത്മാവിലെ
ജന്മദുഃഖത്തിൻ
മുന്തിരി വള്ളിയായ്
പടർന്നിടുന്നു.......





നനഞ്ഞ കൈക്കുമ്പിളിൽ
നനുത്ത സ്വപ്നങ്ങളുമായ്
വരണ്ട ചുണ്ടുകൾ
വിറച്ചു ചൊല്ലുന്നു
അരുത് സോദരീ
ഈ കുരുന്നു ജീവന്റെ
വിശപ്പു തീർക്കുവാനനുവദിക്കൂ



ബാല്യത്തിന്റെ മാധുര്യം
കൈവിടാത്ത ഇവരുടെ
ഉദരങ്ങളിൽ നിന്നുയരുന്ന
ഒരു പിടി വറ്റിനു വേണ്ടിയുള്ള
വിളികൾ ആൾക്കൂട്ടത്തിന്റെ
ഒച്ചപ്പാടുകളിൽ നിന്ന്
വെറുതെ ഒന്നു
ശ്രദ്ധിച്ചിരുന്നെങ്കിൽ



കാളകൂട വിഷം നെഞ്ചിൽ പേറി
തമ്മിലടിക്കുന്ന മനുഷ്യനെയോ
സ്വയംരക്ഷക്ക് വേണ്ടി പത്തി
വിടർത്തിയാടുന്ന ഇവനെയോ
ഞാൻ സ്നേഹിക്കേണ്ടത്

നെറ്റിയിൽ കുങ്കുമം മാഞ്ഞ
ഇവരുടെ കനവിൽ
കരിമല ശിരസ്സുയർത്തുമ്പോൾ
തീരാ ദുരിതങ്ങൾ വേട്ടയാടുന്നു
നിത്യവും..........





ഒരു പകലിന്റെ സ്വപ്നങ്ങൾ
സ്വർണ നൂലുകൊണ്ട്
നെയ്ത് കൂട്ടുമ്പോൾ
ജീവിതം സത്യത്തെ
അഗ്നിയിൽ ഹോമിക്കുന്നു...

വേനൽ ചൂടിൽ
ഉരുകിയൊലിക്കുമ്പോഴും
ജീവിതത്തിന്റെ ഈ
ഭാരവുമായി......





കീഴടക്കാൻ ഉയരങ്ങൾ
ഇനിയും ബാക്കി..........



ഈ പണിയായുധ
ങ്ങൾക്കറിയാം ഇവരുടെ
മനസ്സിലെ സ്വപ്നങ്ങൾ.......

നമ്മുടെ കവികൾക്കും കഥാകാരൻമാർക്കും എത്രയെഴിതിയാലും മതിവരാത്ത വിഷയമാണ് പ്രണയം ഓരോ തവണ എഴുതി കഴിയുമ്പോഴും വീണ്ടും വീണ്ടും ഉറവയെടുക്കുന്ന ജലാശയം പോലെ...... ഈശ്വരനും മനുഷ്യനും പിറക്കുന്നതിന് മുമ്പ് മണ്ണിൽ പിറവികൊണ്ട ദിവ്യഅനുഭവമാണത്രേ പ്രണ യം............. പ്രണിയിക്കമ്പോൾ മനസ്സിന് യുവത്വം തിരിച്ച് കിട്ടുന്നു. പ്രണയം പുഴയാണത്രേ...........മുറി വാണത്രേ......... നഗരത്തിലെ പ്രണയം, ലോഡ്ജ് തേടിയലയുന്ന രണ്ട് ജോഡി ചെരുപ്പാണത്രേ......... പിന്നെ എന്തൊക്കെയാണ് പ്രണയം?

മലയാളത്തിന്റെ പ്രിയപ്പെട്ട് എഴുത്തുകാരും കാമ്പസ്സിലെ പ്രണയിക്കുന്നവരും പ്രണയം കൊതി ക്കുന്നവരും പ്രണയത്തെ നോക്കി കാണുന്നത് ഇങ്ങനെ..................

# പ്രണയമൊഴികൾ

സ്നേഹിക്കുന്നതിന് മുമ്പ്
നീ കാറ്റും
ഞാൻ ഇലയുമായിരുന്നു
കൊടും വേനലിൽ
പൊള്ളിയ കാലം
നിനക്ക് കരയാനും
ഒരു മഴയാകാനും കഴിഞ്ഞിരുന്നു.

- എ. അയ്യപ്പൻ

ആദ്യ പ്രേമം
ആദ്യത്തെ മുയൽ പോലെയാണ്
ചുവന്ന മിഴികളും ഉണർന്ന ചെവികളുമായി
മഞ്ഞ് വീണ മേച്ചിൽ പുറങ്ങളിൽ
ചാടി നടക്കുന്ന പതുപതുത്ത ഒരൽഭുതം

സച്ചിദാനന്ദൻ



വാക്കൊരിയുന്നൊരുടുപ്പിൽ നിന്നും
തീ കനൽ കോരി ഞാൻ തിന്നിടുമ്പോൾ
പൂക്കുന്നതെന്താണ് കൂട്ടുകാരി
ഓർക്കാപ്പുറത്തൊരു ചെമ്പരുത്തി

കുരുകിപ്പുഴ ശ്രീകുമാർ

തിരികെ പ്രേമിക്കാത്ത പെണ്ണിനെ പ്രേമി
ക്കാനെ
ശരിക്കും പ്രേമത്തിന്റെ ലഹരി അറി
യാവൂ

യൂസഫലി കേച്ചേരി

അവളുടെ പ്രണയത്തിന്
പഴയ പച്ചരിയുടെ മണമായിരുന്നു
റേഷൻഷാപ്പിലെ ശനിയാഴ്ച തിരക്കിൽ
ദീനമായ കണ്ണുകൾ കൊളുത്തി വലിച്ചുണ്ടായ
പ്രണയം കൊണ്ടാവണം

ശിഹാബുദ്ധീൻ പൊയ്ത്തും കട

എന്റെ കുപ്പായത്തിന്റെ
മൂന്നാമത്തെ കുടുക്കിനു പിന്നിലെ
പിടച്ചിലിന്റെ പേരാണ് പ്രേമം

മേതിൽ രാധാകൃഷ്ണൻ

അത്തിമരം കാണുന്നടിത്ത്
ഞാൻ നിന്ന്പോവുന്നു
ഏതുകൊമ്പിലാണ് നിന്റെ
ഹൃദയം
ഒളിച്ചുവെച്ചിരിക്കുന്നത്.

ദേശമംഗലം രാമകൃഷ്ണൻ

നിന്റെ കത്തും മഴയും ഒരുമിച്ചാണ്
കടന്നു വന്നത്. രണ്ടും എന്റെ ഉഷ്ണം
ശമിപ്പിക്കാൻ. ഞാൻ ഇപ്പോൾ ദിവസ
ങ്ങൾ എണ്ണി കഴിയുകയാണ്. നീ വരു
ന്നതും കാത്ത്.

ജോൺ എബ്രഹാം

പ്രണയമെന്നത്
പണ്ടെങ്ങോ തുടങ്ങിയ
ഭ്രാന്തൻമാരുടെ വാക്കാണ്
പ്രണയത്തിന്
സാക്ഷിയാകേണ്ടി വന്ന
ബോധിവൃക്ഷവും കടലോരവും
ആരോ തൂക്കിവിറ്റിരിക്കുന്നു

അബ്ദുൽ സലാം പുറവൂർ

തുരുമ്പാണിയാൽ
കൃഷ്ണമണിയിൽ കോറിയിട്ട
പ്രേമ ചരിത്രത്തിൽ
നിനക്കായി രണ്ടുതുള്ളി
ബി നെഗറ്റീവ് രക്തം
നമ്മൾ ചുംബിക്കുക മാത്രം ചെയ്യും
നമ്മളൊരിക്കലും ഒരുമിക്കുകയില്ല

സി.എസ്. ജയചന്ദ്രൻ

പ്രണയം, അത് സ്വയം മറക്കലാകുന്നു
സ്വയം അറിയലും
പ്രണയം അന്ധമാകുന്നു തീഷ്ണവും

ഒ.കെ. സിബി.

നിൻമുഖവും കണ്ടു
ഓമനേ നിനക്കുവേണ്ടി
മാത്രമൊന്ന് പാടാം
ജീവനെക്കാൾ ജീവനായ
നിന്റെ ഗാനം പാടാം

ശ്രീധരനുണ്ണി.

പിന്നെ, ലോകത്തിനുമുന്നിൽ
അതിരുകൾ മാഞ്ഞുപോകുമ്പോഴും
വളവുകളിലും തിരിവുകളിലും
ഏറെ നേരം ശങ്കിച്ചു നിൽക്കുന്ന
വിഡ്ഢിയുടെ പുസ്തകതാളിലെ
പൂജ്യമാണ് പ്രണയം.

തുഷാര. ആർ



പ്രിയപ്പെട്ട പെൺകുട്ടീ
മനംപുരട്ടുന്ന മഞ്ഞവെളിച്ചമുള്ള
ഈ മഹാനഗരത്തിന്റെ മലദ്വാരത്തിൽ
പ്രണയത്തിനിപ്പോൾ
മാലാ—ഡിയുടെ മണമാണ്
ശോഭാ-ഡേയുടെ മുഖമാണ്

രൂപേഷ് പോൾ

ഓരോ പ്രണയവും
എനിക്ക്,
ഓരോ പുതിയ ശത്രുവിനെ
സൃഷ്ടിക്കുന്നു.

ടി. ഉമേഷ് കുമാർ, എം.കോം

പ്രണയിത്തിനെ നിർവ്വചിക്കുക വയ്യ
അത് അനുഭവിക്കുക തന്നെ വേണം.
അജ്ഞന ശശി, ബി.എ. മലയാളം

ഒരിക്കലും കൂട്ടിമുട്ടാത്ത
രണ്ട് സമാന്തര രേഖകളാണ്
പ്രണയം.

അനീസ്

എംകോം

ചില്ലിട്ട കൂൾബാറിലെ
നുരഞ്ഞ് പൊങ്ങുന്ന
പാനീയത്തിന് മുന്നിൽ
നുരയുന്ന രണ്ട് ഹൃദയങ്ങളാണ് പ്രണയം

അഭിലാഷ് ഇടിമുഴി

രണ്ടാം വർഷ ബി.എസ്.എസി. മാത്ത്സ്

പ്രണയങ്ങളോരോന്നും
എനിക്ക് ഓരോ കടലുകളാകുന്നു.......
ആഴങ്ങളും അൽഭുതങ്ങളും
നിറഞ്ഞ കടൽ..........
ചിപ്പികളും മുത്തുകളും നിറഞ്ഞ കടൽ
ചുഴികളും ഗർജ്ജനങ്ങളും നിറഞ്ഞ കടൽ
ഈ കടൽത്തീരത്തിരുന്ന് കൊണ്ട്
കാത്തിരിപ്പിന്റെ കണ്ണീരിനെ വിഞ്ഞാക്കി
ഏകാന്തതയിലേക്ക് നോക്കിയിരിക്കും......

രാജീവ്, മലയാളം

ചങ്ങമ്പുഴ പ്രണയം
എനിക്കിഷ്ടമല്ല.........
കാനനചോലയിലെ
ടൈംപാസിന് ഞാനില്ല ............
എനിക്കു വേണ്ടത്
മേതിൽ കഥകളിലെ
ബ്ലൂപ്രിന്റ് പ്രണയമാണ്..............

ഷംസുദ്ധീൻ. പി. മൂന്നാംവർഷ മലയാളം

അവർണ്ണനീയമായൊരനുഭൂതിയാണ് പ്രണയം
മൂർദ്ധന്യാവസ്ഥയിൽ അതിന് കണ്ണും കാതും
നഷ്ടമാവുന്നു.........
കൽചരലുകളും മുൾമുനകളും
ചവിട്ടിമെതിച്ചാണതിന്റെ യാത്ര
ഇടയിൽ പതറുമ്പോൾ
പെരുവഴിയിൽ ചരമമടയുന്നു

അനിൽ കുമാർ. സി

ഇംഗ്ലീഷ്

മിഴികളിൽ മിഴിയൂന്നിയുള്ള
ലാംഗ്വേജ് ക്ലാസ്സിലെ
ജസ്റ്റ് ഫോർ ജോക്കാണ് പ്രണയം

റജീന

ബി.എസ്.സി ഫിസിക്സ്

ക്യാൻവാസിനു മുന്നിൽ
ചായക്കൂട്ടുകളുമായി നിൽക്കുന്ന
ആർട്ടിസ്റ്റ് ...........
(പ്രണയത്തിന്റെ നിറമേതാണ്?.)

നബീൽ റഹ്മ[illegible]

ബി.എസ്.സി മാ[illegible]

സമ്പാദകൻ: **നബീൽ റഹ്മാൻ**